# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :841 10.06.2019 ലെ മറുപടിയ്ക്ക്

## പട്ടിക വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ബി.സത്യൻ<br>ശ്രീ.യു.ആർ.പ്രദീപ്<br>ശ്രീ.ജോർജ്ജ് എം.തോമസ്<br>ശ്രീമതി.പി.അയിഷാ പോറ്റി** | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി എന്തെല്ലാം കർശനനടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി 1989 ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ഫലപ്രദമായി നടപ്പിലാക്കി വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി എല്ലാ ജില്ലകളിലും 3 മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് വരുന്നുണ്ട്. ഇതുകൂടാതെ അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ മോണിറ്റർ ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകൾ വർഷത്തിൽ 2 പ്രവാശ്യം ചേർന്ന് നടപടികൾ മോണിറ്ററിംഗ് നടത്തി വരുന്നുണ്ട്. അതിക്രമം തടയൽ നിയമത്തെ ക്കുറിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. പോലീസ് വകുപ്പിന്റെ സഹായത്തോടെ ക്ലാസ്സുകൾ സംഘടിപ്പി ക്കാറുണ്ട്. കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, എസ്.സി/എസ്.റ്റി പ്രൊമോട്ടർമാർ, ആശാവർ ക്കർമാർ എന്നിവരുടെ സഹായത്തോടെ കോളനികളിലുൾപ്പെടെ ബോധ വത്കരണ പരിപാടികൾ സംഘടിപ്പി ക്കാറുണ്ട്. |
| ബി) | അതിക്രമത്തിനിരയായവരുടെ വിചാരണ, പുനരധിവാസം എന്നിവയ്ക്കായി പ്രത്യേക കോടതി, പ്രൊട്ടക്ഷൻ സെൽ എന്നിവ രൂപീകരിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. സംസ്ഥാനത്തൊട്ടാകെ 4 പ്രത്യേക കോടതികൾ മലപ്പുറം (മഞ്ചേരി), വയനാട് (മാനന്തവാടി), കൊല്ലം (കൊട്ടാരക്കര), പാലക്കാട് (മണ്ണാർക്കാട്) എന്നിവിടങ്ങളിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചുവരുന്നു. കൂടാതെ പോലീസ് ആസ്ഥാനത്ത് ഐ.ജിയുടെ നേതൃത്വത്തിൽ പ്രൊട്ടക്ഷൻ സെൽ പ്രവർത്തിച്ച് വരുന്നുണ്ട്.<br>വയനാട്, പാലക്കാട് കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും സ്ഥാപിച്ചിട്ടുണ്ട്. |
| സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനും, അവർക്ക് ആവശ്യമായ നഷ്ടപരിഹാര തുക നൽകുന്നതിനും അക്രമം നടത്തുന്നവർക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | സി) | POA Act ലെയും Rule ലെയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസന്വേഷണങ്ങൾ '60' ദിവസത്തിനകവും കോടതി നടപടികൾ കഴിയുന്നത്ര '3' മാസത്തിനകവും പൂർത്തീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കേസന്വേഷണത്തിന്റെയും കോടതി ട്രയൽ നടപടികളുടെയും പുരോഗതി ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാരുടേയും സംസ്ഥാനതലത്തിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും അദ്ധ്യക്ഷതയിൽ 3 മാസത്തിലൊരിക്കൽ വിലയിരുത്തുകയും യഥാസമയം കുറ്റപത്രം സമർപ്പിക്കുന്നു എന്നത് ഉറപ്പു വരുത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. POA Act പ്രകാരം അതിക്രമത്തിനിരയായവർക്ക് കേസിന്റെ സ്വഭാവമനുസരിച്ച് (രജിസ്റ്റർ ചെയ്ത കേസുകളിലെ സെക്ഷനുകൾക്കനുസരിച്ച്) 1 ലക്ഷം രൂപ മുതൽ 8.25 ലക്ഷം രൂപ വരെ വിവിധ നിരക്കുകളിൽ ആശ്വാസ ധനസഹായം അനുവദിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**